5

നമ്പർ: E5-46448/11.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 20.6.2017.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ.ഫ്രാൻസിസ് ബാബു.കെ.ജി, പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I - അച്ചടക്ക നടപടി തീർപ്പു കൽപ്പിച്ചത് - റിവ്യൂ ഹർജി - സംബന്ധിച്ച്-

സൂചന: 1) സ.ഉ(സാധാ)135/2017/സാ.നീ.വ തീയതി: 10.3.17.
2) ശ്രീ. ഫ്രാൻസിസ് ബാബു.കെ.ജി, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I-ന്റെ 15.5.17ലെ അപ്പീൽ ഹർജി.

ശ്രീ.K.G.ഫ്രാൻസിസ് ബാബു.കെ.ജി, പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I നെതിരെ നിലവിലുണ്ടായിരുന്ന അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞതു കൊണ്ട് തീർപ്പു കൽപ്പിച്ച സൂചന (1)ലെ സർക്കാർ ഉത്തരവിനെതിരെ സൂചന (2)പ്രകാരം ശ്രീ. ഫ്രാൻസിസ് ബാബു.കെ.ജി സമർപ്പിച്ച അപ്പീൽ ഹർജി മേൽ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സ്വാഭാവിക നീതിയുടെ തത്വങ്ങൾക്ക് അനുസൃതമായിട്ടുമല്ല ടിയാനെ ശിക്ഷിച്ചിരിക്കുന്നത് എന്നാണ് ശ്രീ. ഫ്രാൻസിസ് ബാബു ആരോപിച്ചിരിക്കുന്നത്. അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ ടിയാന് അതിന്റെ പകർപ്പ് നൽകി, ടിയാന് ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ ബോധിപ്പിക്കുവാൻ അവസരം നൽകി ടിയാൻ ബോധിപ്പിക്കുന്ന കാര്യങ്ങൾ കൂടി പരിഗണിച്ച് വേണമായിരുന്നു സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനെന്നും അങ്ങനെ ചെയ്യാതെയാണ് ടിയാനെ

[redacted]

ശിക്ഷിച്ചിരിക്കുന്നതെന്നുമാണ് ശ്രീ. ഫ്രാൻസിസ് ബാബു അപ്പീൽ ഹർജിയിൽ വാദിച്ചിരിക്കുന്നത്.

1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ കഠിന ശിക്ഷകളായ 11 (1)- ാം ചട്ടത്തിലെ (v) മുതൽ (ix) വരെയുള്ളവ ചുമത്തേണ്ടതാണെന്ന് ശിക്ഷണാധികാരിക്ക് അഭിപ്രായമുണ്ടെങ്കിൽ ചട്ടം 15 (12)(i)(a), (b) പ്രകാരം ജീവനക്കാരനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നടപടിയെപ്പറ്റി പ്രസ്താവിച്ചുകൊണ്ടും പ്രസ്തുത നടപടിയ്ക്കെതിരായി അയാൾ നൽകുവാൻ ആഗ്രഹിക്കുന്ന നിവേദനം ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമുള്ള ഒരു നോട്ടീസ് അന്വേഷണ വിചാരണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം സർക്കാർ ജീവനക്കാരന് നൽകേണ്ടതാണ്. പ്രസ്തുത ചട്ട പ്രകാരം ശ്രീ.ഫ്രാൻസിസ് ബാബുവിന് കാരണം കാണിയ്ക്കൽ നോട്ടീസും അന്വേഷണ വിചാരണ റിപ്പോർട്ടിന്റെ പകർപ്പും ശിക്ഷണാധികാരിയായ സർക്കാർ നൽകിയിട്ടുള്ളതാണ്. ആയതിനാൽ സ്വാഭാവിക നീതിയുടെ തത്വങ്ങൾക്ക് അനുസൃതമായിട്ടല്ല ശിക്ഷിച്ചിരിക്കുന്നതെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതല്ല.

പ്രാഥമിക അന്വേഷണ ഉദ്യോഗസ്ഥനെ സാക്ഷിയായി വിസ്തരിക്കാതെയും അദ്ദേഹത്തെ എതിർവിസ്താരം ചെയ്യാൻ അവസരം നൽകാതെയും ഒരു കാരണവശാലും പ്രാഥമിക അന്വേഷണ റിപ്പോർട്ട് തെളിവിൽ സ്വീകരിക്കുവാൻ പാടില്ലായിരുന്നു എന്നതാണ് ടിയാന്റെ മറ്റൊരു വാദഗതി. എന്നാൽ വിസ്തരിക്കുന്നതിനുള്ള സാക്ഷികളുടെ പട്ടിക ഹാജരാക്കുവാൻ ശ്രീ. ഫ്രാൻസിസ് ബാബുവിന് അവസരം നൽകിയിരുന്നുവെങ്കിലും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ തന്നെ തുടരന്വേഷണം നടത്തുകയാണെങ്കിൽ ക്രോസ് വിസ്താരത്തിനുള്ള സാക്ഷികളുടെ പട്ടിക ഹാജരാക്കുന്നതാണെന്നാണ് ടിയാൻ അറിയിച്ചത്. ഈ സാഹചര്യത്തിൽ പ്രാഥമിക അന്വേഷണ ഉദ്യോഗസ്ഥനെ എതിർ വിസ്താരം ചെയ്യാൻ അവസരം നൽകിയില്ല എന്ന ടിയാന്റെ വാദവും അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ശ്രീ. ഫ്രാൻസിസ് ബാബു, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I-ന്റെ അപ്പീൽ അപേക്ഷയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

**വിവരാവകാശം / മറുപടി**

നം. E5/39708/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 4..12..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തിരുവനന്തപുരം

ശ്രീ. ഫ്രാൻസിസ് ബാബു.കെ.ജി
ജില്ലാ പ്രൊബേഷൻ ഓഫീസ്
സിവിൽ സ്റ്റേഷൻ, പാലക്കാട്

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - വിവരം നൽകുന്നത് - സംബന്ധിച്ച്.

സൂചന :വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ 28..11..17 ലെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയത് പ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് പേജ് ഒന്നിന് 2 രൂപ നിരക്കിൽ 2 പേജിന് 4 രൂപ 0070-60-118-99 Receipts RTI എന്ന ശീർഷകത്തിൽ ഒടുക്കി ചെല്ലാൻ സമർപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**രാജീവ്കുമാർ. എസ്**
**സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**